പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 1310

06-03-2018 ൽ മറുപടിക്ക്

## ഒല്ലൂർ മണ്ഡലത്തിലെ മണ്ണ് സംരക്ഷണപ്രവൃത്തികൾ

ചോദ്യം
ശ്രീ. കെ. രാജൻ

മറുപടി
ശ്രീ.വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഒല്ലൂർ നിയോജകമണ്ഡലത്തിൽ പുരോഗമിക്കുന്ന മണ്ണ് സംരക്ഷണ പ്രവൃത്തികളുടെ നിലവിലെ വിശദാംശങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ ; | (എ) | മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന ഒല്ലൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>പുത്തൂർ പഞ്ചായത്തിലെ പഴവെള്ളം എസ്.ടി കോളനിയിൽ 12 ലക്ഷം രൂപ അടങ്കലുള്ള മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളും, മതികുന്ന് എസ്.സി കോളനിയിൽ 24.70 ലക്ഷം രൂപ അടങ്കലായുള്ള മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു. പഴവെള്ളം എസ്.ടി കോളനിയിൽ 19-01-2018 ന് പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുകയും നാളിതുവരെ 0.67 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. മതികുന്ന് എസ്.സി കോളനിയിൽ 11.10.2017 ന് ആരംഭിച്ച പദ്ധതി പ്രവർത്തനങ്ങൾക്ക് നാളിതുവരെ 9.61 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ട്രൈബൽ വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന ഈ രണ്ട് പദ്ധതികളിലേയും പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. |
| (ബി) | സർക്കാരിന്റെ അനുമതിക്കായി പ്രസ്തുത നിയോജകമണ്ഡലത്തിലെ എത്ര മണ്ണ് സംരക്ഷണ പ്രവൃത്തികൾ സമർപ്പിച്ചിട്ടുണ്ടെന്നും അവയുടെ നിലവിലെ സ്ഥിതി എന്തെന്നും വ്യക്തമാക്കാമോ ? | (ബി) | ഒല്ലൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>ആർ.ഐ.ഡി.എഫിന്റെ 23-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി വിൽവട്ടം, നെട്ടിശ്ശേരി, ഒല്ലുക്കര, വിയ്യൂർ പാടശേഖരങ്ങളിലെ നീർച്ചാൽ സംരക്ഷണ അടിസ്ഥാന സൗകര്യ വികസന പദ്ധതിയുടെ രണ്ടാം ഘട്ടം നടപ്പിലാക്കുന്നതിനായി 250 ലക്ഷം രൂപയുടെ പദ്ധതി രൂപരേഖ അംഗീകാരത്തിനായി നബാർഡിൽ സമർപ്പിച്ചിട്ടുണ്ട്. ആയതിൽ ഒല്ലൂർ മണ്ഡലത്തിലെ 47.34 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ